# പതിമൂന്നാം കേരള നിയമസഭ
## നാലാംസമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 115* — 20.3.2012 ൽ മറുപടിക്ക്

## റോഡ് വികസന പദ്ധതിക്കായി പ്രത്യേക ഏജൻസി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>,, വി. ഡി. സതീശൻ<br>,, ലൂഡി ലൂയിസ്<br>,, സണ്ണി ജോസഫ് | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡ് വികസന പദ്ധതിക്കായി പ്രത്യേക ഏജൻസിക്ക് രൂപം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ റോഡ് വികസന പദ്ധ - തിയുടെ നടത്തിപ്പിനായി സർക്കാർ ഉടമസ്ഥതയിലുള്ള ഒരു കമ്പനി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട് |
| (ബി) പ്രത്യേക റോഡ് വികസന ഏജൻസിയുടെ ചുമതലകളും കർത്തവ്യങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (ബി) തിരഞ്ഞെടുക്കപ്പെട്ട 1000 ൽ പരം കിലോമീറ്റർ റോഡുകളുടെ പുനർ-നിർമ്മാണവും, നവീകരണവും സംരക്ഷണവുമാണ് നിർദ്ദിഷ്ട കമ്പനിയുടെ പ്രധാന ചുമതല. ഇതിനാവശ്യമായ ധനസമാഹരണവും അവരുടെ കർത്തവ്യമാണ്. |
| (സി) ഇതിനായി എന്തെല്ലാം നടപടി - കൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ ? | (സി) നിർദ്ദിഷ്ട കമ്പനിയുടെ മെമ്മോറാണ്ടം ഓഫ് അസോസിയേ-ഷനും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും സർക്കാർ അംഗീകരിച്ചു കഴിഞ്ഞു. നിർദ്ദിഷ്ട |

കമ്പനി രൂപീകരിക്കുന്നതിനായി കമ്പനി രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിച്ചി - രിക്കുകയാണ്. ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ ധനസഹായം കൂടി ഉപയോഗപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായുള്ള ശുപാർശ കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ അംഗീകാരത്തോടെ കേന്ദ്ര ധനമന്ത്രാലയത്തിന്റെ അനുമതിക്കായ് സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട റോഡുകളുടെ സാധ്യതാ പഠനവും നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ